**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2340 — 15/7/2011-ൽ മറുപടിക്ക്

**കണ്ടൻപാറ ചുള്ളിപ്പൂവൻ ആദിവാസി കോളനി**

ചോദ്യം — മറുപടി

ശ്രീ. റ്റി. യു. കുരുവിള : — ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനിയായ കണ്ടൻപാറ, ചുള്ളിപ്പൂവൻ പ്രദേശത്തെ ആദിവാസികളുടെ കൃഷിയിടങ്ങളും, വാസസ്ഥലവും കാട്ടാനകൾ തകർത്തതിനാൽ അവർ അനുഭവിക്കുന്ന പട്ടിണിയും കഷ്ടപ്പാടും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ പഞ്ചായത്തിൽപ്പെട്ട വാരിയം കോളനി യിൽ നിന്നും കാട്ടാന ശല്യം മൂലം ടി പഞ്ചായത്തിലെ തന്നെ കണ്ടൻപാറ യിലേക്ക് 54 കുടുംബങ്ങൾ മാറി താമസിച്ചു വരുന്നുണ്ട്. ചുള്ളിപ്പൂവൻ എന്ന സ്ഥലത്ത് ആദിവാസി കുടുംബങ്ങൾ താമസിച്ചു വരുന്നില്ല. |
| (ബി) | എങ്കിൽ ഇവരുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ ; | (ബി) | 1) ഇവർക്ക് ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2) ടി കുടുംബങ്ങളുടെ കുടിൽ കെട്ടിമേയുന്നതിന് കെട്ടിമേച്ചിൽ ഗ്രാന്റ് കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവരുടെ കൈവശമുള്ള 2 ഏക്കർ മുതൽ 10 ഏക്കർവരെയുള്ള ഭൂമി കാട്ടാന ശല്യംമൂലം നഷ്ടപ്പെട്ടതിന് പകരം ഭൂമി നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി കൾ സ്വീകരിക്കുമോ ? | (സി) | 13.6.11 ൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന ഊരുകൂട്ടം യോഗം വാരിയം കോളനിയിൽ നിന്നും കണ്ടൻപാറയിൽ വന്ന് താമസിക്കുന്നവരുൾപ്പെടെ വാരിയം കോളനിയിലെ മുഴുവൻ കുടുംബ ങ്ങൾക്കും നിലവിൽ അവരുടെ കൈവശമുള്ള ഭൂമി വനം വകുപ്പിന് വിട്ടുനൽകുന്നതിന് സമ്മതപത്രം നൽകുന്ന മുറയ്ക്ക് ചുള്ളിപ്പൂവൻ എന്ന സ്ഥലത്തോ, കണ്ടൻപാറയിലോ പകരം ഭൂമി നൽകുന്നതിന് പ്രൊപ്പോസൽ നൽകുന്നതിന് മൂവാറ്റുപുഴ പട്ടികവർഗ വികസന ആഫീസറെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. ടി കുടുംബങ്ങളിൽ നിന്നും ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ മുഖേന സമ്മതപത്രം ശേഖരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.